ഉത്തരം

(എ) കംപ്യൂട്ടർ ആപ്ലിക്കേഷൻസ് ആന്റ് ബിസിനസ് മാനേജ്മെന്റ് കോഴ്സ് ബി.ബി.എ.യ്ക്ക് തുല്യമായി കോഴിക്കോട് സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ജോലി സാധ്യതകൾ ഉള്ള മേഖലകൾ കണ്ടെത്തി പി.എസ്.സി.യെ അറിയിക്കുന്നതാണ്.

(ബി) നടപടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

84 (2064) ശ്രീ. പി. രാഘവൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഓഡിയോ വിഷ്വൽ സെന്ററിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സെന്ററിന്റെ ആഭിമുഖ്യത്തിൽ ഏതൊക്കെ കോഴ്സുകളിൽ ഇപ്പോൾ പരിശീലനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കൂടുതൽ സാങ്കേതിക സ്വഭാവമുള്ള കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) സർക്കാരിന്റെ ആവശ്യത്തിനുള്ള പാഠപുസ്തകങ്ങളുടെയും മറ്റ് പ്രസിദ്ധീകരണങ്ങളുടെയും അച്ചടി റിപ്രോഗ്രാഫിക് സെന്ററിനെ കൂടി ഏൽപ്പിക്കുമോ ?

ഉത്തരം

(എ) സർക്കാർ തലത്തിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റിയെക്കൊണ്ട് വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

(ബി) ഇല്ല. എസ്റ്റിമേറ്റ്സ് കമ്മിറ്റി ശുപാർശ ചെയ്ത കാര്യങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 1. കംപ്യൂട്ടർ, ഇലക്ട്രോണിക്, പ്രിന്റിംഗ് ആന്റ് റിപ്രോഗ്രാഫി എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിലധിഷ്ഠിത പരിശീലന പരിപാടി ഹ്രസ്വകാല കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

2. കംപ്യൂട്ടർ, പ്രിന്റിംഗ് ആന്റ് റിപ്രോഗ്രാഫി മേഖലയിൽ വരുന്ന ജോലികൾ സർക്കാർ വകുപ്പുകൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി വാണിജ്യാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തുക.

(ഡി) സെന്ററിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന സർട്ടിഫിക്കറ്റ് കോഴ്സുകളും ഷോർട്ട് ടേം കോഴ്സുകളും നടത്തി വരുന്നു.

സർട്ടിഫിക്കറ്റ് കോഴ്സുകൾ (6 മാസം കാലദൈർഘ്യമുള്ളത്)

1. കംപ്യൂട്ടർ ആന്റ് ഡി.റ്റി.പി. കോഴ്സ്
2. ഓഫീസ് ഓട്ടോമേഷൻ ആന്റ് സെയിൽസ്മാൻഷിപ്പ്
3. ഓഫ്സെറ്റ് പ്രിന്റിംഗ്
4. ഇലക്ട്രോണിക് ടൈപ്പിംഗ്, വേഡ് പ്രോസ്സസ്സിംഗ് ആന്റ് ഡാറ്റാ എൻട്രി ഓപ്പറേഷൻ

ഹ്രസ്വകാല കോഴ്സുകൾ

1. എം.എസ്. ഓഫീസ്
2. അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ ഓഫീസ് ഓട്ടോമേഷൻ
3. കംപ്യൂട്ടർ പ്രോഗ്രാമിംഗ്
4. കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ് കോഴ്സ്
5. മോഡേൺ റിപ്രോഗ്രാഫിക് എക്യുപ്മെന്റ് കോഴ്സ്
6. ഡാറ്റാ എൻട്രി ആന്റ് കൺസോൾ ഓപ്പറേഷൻ
7. ഡസ്ക് ടോപ്പ് പബ്ലിഷിംഗ്
8. ഇലക്ട്രോണിക് ടൈപ്പിംഗ്, ഫോട്ടോ കോപ്പിയർ ഫാക്സ്
9. ഇലക്ട്രോണിക് ടൈപ്പിംഗ്

(ഇ) സെന്ററിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കൂടുതൽ സാങ്കേതിക സ്വഭാവമുള്ള കോഴ്സുകൾ ആരംഭിക്കുന്നതാണ്.

(എഫ്) പരിഗണിക്കുന്നതാണ്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ

85 (2065) ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ;

(ബി) ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് ഇ.പി.എഫ്. ഏർപ്പെടുത്തുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly